# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>സഹകരണ മേഖലയിലെ നിക്ഷേപം</u>

2072 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 31.03.2013-ൽ കേരളത്തിലെ സഹകരണ സംഘങ്ങളിലെ ആകെ അറ്റനിക്ഷേപം എത്ര;

(ബി) 01.04.2012 മുതൽ 31.03.2013 വരെ സഹകരണ മേഖലയിലെ ആകെ നിക്ഷേപമായി ലഭിച്ച തുക എത്ര; അതിൽ എത്ര തുക പിൻവലിച്ചു; വ്യക്തമാക്കുമോ;

(സി) അതിൽ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ, അഗ്രികൾച്ചർ ഇംപ്രൂവ്മെന്റ് സഹകരണ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക് മറ്റുള്ളവ എന്നിങ്ങനെ ഇനംതിരിച്ച് വിശദീകരിക്കാമോ; ഇതിൽ ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയുടെ നിക്ഷേപം എത്ര; വിശദമാക്കാമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>നിയമനങ്ങളിൽ ശാരീരിക വൈകല്യമുള്ളവർക്ക് പ്രാതിനിധ്യം</u>

2073 ശ്രീ. പാലോട് രവി
'' എ. റ്റി. ജോർജ്
'' സണ്ണി ജോസഫ്
'' ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ശാരീരിക വൈകല്യമുള്ളവർക്ക് പ്രാതിനിധ്യം നൽകുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) എന്തൊക്കെ ആനുകൂല്യങ്ങളാണ് പദ്ധതി മുഖേന നടപ്പിലാക്കുന്നത്;

(ഡി) പദ്ധതി നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>ഓഡിറ്റില്‍ തടഞ്ഞ തുകകള്‍ ഓഡിറ്റ് സര്‍ട്ടിഫിക്കറ്റില്‍ നിന്നും ഒഴിവാക്കാന്‍ നടപടി</u>

2074 ശ്രീ. കെ. മുരളീധരന്‍
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാന്‍
,, വി. ഡി. സതീശന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സഹകരണ സ്ഥാപനങ്ങളുടെ ഓഡിറ്റില്‍ തടഞ്ഞതും, ദീര്‍ഘകാലമായി ഈടാക്കാതെയും, കൊടുത്തുതീര്‍ക്കാതെയും നിന്ന തുകകള്‍ ഓഡിറ്റ് സര്‍ട്ടിഫിക്കറ്റില്‍ നിന്നും നിയമാനുസൃതം നീക്കം ചെയ്യുന്നതിനുള്ള തീവ്രയത്ന പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തൊക്കെയാണ്;

(സി) എന്തൊക്കെ ആനുകൂല്യങ്ങളാണ് പദ്ധതി മുഖേന ലഭിക്കുന്നത്;

(ഡി) പദ്ധതി നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>

2075 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; വ്യക്തമാക്കാമോ;

(ബി) ഈ സ്ഥാപനങ്ങൾ ഏതെല്ലാം ജില്ലകളിലാണ്; വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളുടെ മാനേജ്മെന്റുകളെ തെരഞ്ഞെടുക്കുന്നതിന് ഏന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കുന്നത്;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിലെ പ്രവേശനത്തിനായി വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന ഫീസ്, ക്യാപ്പിറ്റേഷൻ ഫീ എന്നിവ എത്രയാണെന്നും ആയത് നിശ്ചയിക്കുന്നത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>സഹകരണമേഖലയിൽ പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള പദ്ധതി</u>

2076 ശ്രീ. സി. പി. മുഹമ്മദ്
'' അൻവർ സാദത്ത്
'' ആർ. സെൽവരാജ്
'' വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) എന്തൊക്കെ ആനുകൂല്യങ്ങളാണ് പദ്ധതി മുഖേന ലഭിക്കുന്നത്;

(ഡി) പദ്ധതി നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

സഹകരണമേഖലയിൽ 'ഉണർവ്വ്' പദ്ധതി

2077 ശ്രീ. റ്റി. എൻ. പ്രതാപൻ
,, അൻവർ സാദത്ത്
,, എം. പി. വിൻസെന്റ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയിൽ 'ഉണർവ്വ്' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) എന്തൊക്കെ ആനുകൂല്യങ്ങളാണ് പദ്ധതി മുഖേന ലഭിക്കുന്നത്;

(ഡി) പദ്ധതി നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>ആശ്വാസ് - 2012 പദ്ധതി</u>

2078 ശ്രീ. സണ്ണി ജോസഫ്
,, ജോസഫ് വാഴക്കൻ
,, ഐ.സി. ബാലകൃഷ്ണൻ
,, എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ആശ്വാസ്-2012 പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) എന്തൊക്കെ ആനുകൂല്യങ്ങളാണ് പദ്ധതി മുഖേന നടപ്പിലാക്കാനുദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

സഹകരണ സംഘങ്ങളുടെ സാമ്പത്തിക സ്ഥിതി നിര്‍ണ്ണയിക്കുന്ന പദ്ധതി

2079 ശ്രീ. എം. പി. വിന്‍സെന്റ്
'' വി. പി. സജീന്ദ്രന്‍
'' കെ. മുരളീധരന്‍
'' റ്റി. എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സഹകരണ സംഘങ്ങളുടെയും, ബാങ്കുകളുടെയും യഥാര്‍ത്ഥ സാമ്പത്തിക സ്ഥിതി നിര്‍ണ്ണയിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തൊക്കെയാണ്;

(സി) എന്തൊക്കെ ആനുകൂല്യങ്ങളാണ് പദ്ധതി മുഖേന നടപ്പിലാക്കാനുദ്ദേശിക്കുന്നത്;

(ഡി) പദ്ധതി നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

സഹകരണ മേഖലയിലെ കാർഷിക വായ്പ

2080 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾ 2011-2012, 2012-2013 എന്നീ വർഷങ്ങളിൽ ആകെ വിതരണം ചെയ്ത കാർഷിക വായ്പ എത്ര;

(ബി) കാർഷിക വായ്പ വിതരണം ചെയ്യാത്ത സഹകരണ സംഘങ്ങൾക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(സി) 31.03.2013-ന് കേരളത്തിലെ എത്ര പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നത്; ജില്ല തിരിച്ച് പട്ടിക വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>പ്രാഥമിക സഹകരണ ബാങ്കുകള്‍ വഴി വിതരണം ചെയ്യുന്ന കാര്‍ഷിക വായ്പകള്‍</u>

2081 ശ്രീ. കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്രാഥമിക സഹകരണ ബാങ്കുകള്‍ വഴി കാര്‍ഷിക വായ്പാ, വിതരണം ചെയ്യേണ്ട എന്ന് നിര്‍ദ്ദേശം നല്‍കിയിട്ടുണ്ടോ;

(ബി) എങ്കില്‍ വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(സി) കേരളത്തിലെ ചെറുകിട കര്‍ഷകര്‍ക്ക് പ്രയോജനകരമായ ഈ പദ്ധതി പുനഃസ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

**കേരള നിയമസഭ**
**18.06.2013-ലെ മറുപടിക്ക്**

<u>വായ്പകൾക്ക് ഇളവ്</u>

2082 ശ്രീ. ജോസഫ് വാഴക്കൻ
,, പി. എ. മാധവൻ
,, വി. റ്റി. ബൽറാം
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ വായ്പക്കാർക്ക് ഇളവ് അനുവദിക്കുന്ന പദ്ധതി രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) എന്തൊക്കെ ആനുകൂല്യങ്ങളാണ് പദ്ധതി മുഖേന നൽകുവാനുദ്ദേശിക്കുന്നത്;

(ഡി) പദ്ധതി നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>കർഷകർ എടുത്തിട്ടുള്ള വായ്പകൾക്ക് ഇളവുകൾ</u>

2083 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള വായ്പകൾക്കു എന്തെല്ലാം ഇളവുകളാണ് നൽകുന്നത് എന്ന് വിശദമാക്കുമോ;

(ബി) എത്ര കർഷകർക്ക് ഈ ആനുകൂല്യം കഴിഞ്ഞവർഷം ലഭ്യമായിട്ടുണ്ട്;

(സി) ഇക്കാര്യത്തിൽ സഹകരണ സംഘങ്ങളുടെ ഭാഗത്ത് നിന്നും എന്തെങ്കിലും അനാസ്ഥയുണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ വീഴ്ച വരുത്തിയ സംഘങ്ങളുടെ മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>പുതിയ സഹകരണ സ്ഥാപനങ്ങൾ</u>

2084 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആരംഭിച്ച സഹകരണ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) സഹകരണ സൊസൈറ്റികൾ വഴി മഴവെള്ള സംഭരണികളും ബയോഗ്യാസ് സംവിധാനങ്ങളും സൗരോർജ്ജ യൂണിറ്റുകളും സ്ഥാപിക്കുന്നതിന് സബ്സിഡിയും ഗ്രാന്റും അനുവദിക്കാമോ ; വിശദാംശം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>വായ്പാ ബാധ്യത എഴുതിത്തള്ളുന്ന നടപടി</u>

2085

ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുക്കുന്ന വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പാ ബാധ്യത എഴുതിത്തള്ളുന്നതിന് ഉത്തരവുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ ആനുകൂല്യം ലഭ്യമാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>സഹകരണ ബാങ്കുകൾ വഴി കർഷകർക്ക് പലിശ രഹിത വായ്പ</u>

2086 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകൾ വഴി കർഷകർക്ക് പലിശ രഹിത വായ്പ അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതിനായി സർക്കാർ മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ ;

(സി) ആയതു സംബന്ധിച്ച സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>കുടിശ്ശിക ഇളവ് ചെയ്യുന്നതിന് നടപടി</u>

2087 ശ്രീ. വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, വർക്കല കഹാർ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടേയും ബാങ്കുകളുടേയും കുടിശ്ശിക കുറയ്ക്കുന്നതിനും കുടിശ്ശികക്കാർക്ക് ആശ്വാസം നൽകുന്നതിനുമുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) എന്തൊക്കെ ആനുകൂല്യങ്ങളാണ് പദ്ധതി മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) പദ്ധതി നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>കുടിശ്ശിക പിരിവ്</u>

2088

ശ്രീ. വർക്കല കഹാർ
,, ഡൊമിനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ കുടിശ്ശിക പിരിച്ചെടുക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) എന്തെല്ലാം നേട്ടങ്ങളാണ് പദ്ധതി മുഖേന ലഭിക്കുന്നത്;

(ഡി) പദ്ധതി നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>ബാങ്കിംഗ് നിയന്ത്രണ നിയമഭേദഗതി</u>

2089 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാങ്കിംഗ് നിയന്ത്രണ നിയമഭേദഗതിയുടെ അടിസ്ഥാനത്തിൽ എത്ര സർവ്വീസ് സഹകരണ ബാങ്കുകൾ ആർ.ബി.ഐ. ലൈസൻസിന് അപേക്ഷിച്ചിട്ടുണ്ട്;

(ബി) ബാങ്കിംഗ് നിയന്ത്രണ നിയമഭേദഗതിയിലെ സഹകരണ കാർഷിക വായ്പ സംഘങ്ങളെ ബാധിക്കുന്ന പ്രധാന വ്യവസ്ഥകൾ എന്തൊക്കെ;

(സി) ബാങ്കിംഗ് നിയന്ത്രണ നിയമഭേദഗതി കേരളത്തിലെ സഹകരണസംഘങ്ങളെ ദോഷകരമായി ബാധിക്കുന്നത് എങ്ങനെയെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>ജീവനക്കാരുടെ സഹകരണ സംഘങ്ങൾ നിക്ഷേപം സ്വീകരിക്കുന്നതിനുള്ള നിയന്ത്രണം</u>

2090 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെ സഹകരണ സംഘങ്ങൾ പൊതു ജനങ്ങളിൽ നിന്നോ അംഗങ്ങൾ അല്ലാത്തവരിൽ നിന്നോ നിക്ഷേപം സ്വീകരിക്കരുതെന്ന് സഹകരണ വകുപ്പ് ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഉത്തരവ് പ്രസ്തുത സഹകരണ സംഘങ്ങളുടെ തകർച്ചയ്ക്ക് കാരണമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഉത്തരവ് പിൻവലിച്ച് ഇത്തരം സ്ഥാപനങ്ങളുടെ പ്രതിസന്ധി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.06.2013-ലെ മറുപടിക്ക്

**പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ വികസന ഫെഡറേഷനുള്ള ധനസഹായം.**

2091 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ വികസന ഫെഡറേഷന് സഹകരണ വകുപ്പ് 2012-13, 2013-14 വർഷങ്ങളിൽ എന്തെല്ലാം ധനസഹായങ്ങൾ നൽകിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത ഫെഡറേഷന്റെ പ്രവർത്തനവിപുലീകരണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>സഹകരണ സ്ഥാപനങ്ങളുടെ ഭരണ സമിതി പിരിച്ചുവിടല്‍</u>

2092 ശ്രീ. കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം സംസ്ഥാനത്ത് എത്ര സഹകരണ സ്ഥാപനങ്ങളുടെ ഭരണ സമിതി പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റര്‍ ഭരണം ഏര്‍പ്പെടുത്തി; വെളിപ്പെടുത്താമോ;

(ബി) ഓരോ ജില്ലയിലും എത്ര സ്ഥാപനങ്ങള്‍ എന്നും അവ ഏതൊക്കെയെന്നും ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(സി) സഹകരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികളെ പിരിച്ചുവിട്ടതു സംബന്ധിച്ച് എത്ര കേസ്സുകള്‍ നിലവിലുണ്ട്; വ്യക്തമാക്കുമോ;

(ഡി) ഭരണസമിതികള്‍ പിരിച്ചുവിട്ടതു തെറ്റാണെന്നു കോടതികള്‍ കണ്ടെത്തിയിട്ടുണ്ടോ; എങ്കില്‍ എത്ര ഭരണസമിതികളുടെ കാര്യത്തിലാണ് ഇപ്രകാരമുള്ള കോടതി ഉത്തരവുകളുണ്ടായതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>വിലക്കയറ്റം നേരിടുന്നതിന് പദ്ധതികൾ</u>

2093 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിലക്കയറ്റം നേരിടുന്നതിനായി സഹകരണ വകുപ്പിന് കീഴിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ കൺസ്യൂമർ ഫെഡിന് കീഴിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

സംസ്ഥാനത്തെ നന്മ സ്റ്റോറുകളും, ത്രിവേണി സ്റ്റോറുകളും അനുവദിച്ചതിന്റെ വിശദാംശം

2094 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരധികാരമേറ്റ ശേഷം കൺസ്യൂമർ ഫെഡിന്റെ കീഴിൽ സംസ്ഥാനത്ത് എത്ര നന്മ സ്റ്റോറുകളും, ത്രിവേണി സ്റ്റോറുകളും അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏറനാട് മണ്ഡലത്തിൽ പുതുതായി അനുമതി നൽകിയിട്ടുള്ള നന്മ, ത്രിവേണി സ്റ്റോറുകൾ ഏതെല്ലാം; അവ എന്ന് മുതൽ പ്രവർത്തനം ആരംഭിക്കും; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

സാഹിത്യപ്രവര്‍ത്തക സഹകരണ സംഘം
പുതിയ പുസ്തകങ്ങളുടെ പ്രസിദ്ധീകരണം

2095 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം സാഹിത്യ പ്രവര്‍ത്തക സഹകരണ സംഘം എത്ര പുതിയ പുസ്തകങ്ങളാണ് പ്രസിദ്ധീകരിച്ചത്;

(ബി) പ്രസ്തുത പുസ്തകങ്ങളുടെ റോയല്‍റ്റി ഇനത്തില്‍ എഴുത്തുകാര്‍ക്ക് എന്ത് തുകയാണ് കുടിശ്ശിക നില്‍ക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>തിരുവനന്തപുരത്ത് സഹകരണഭവന്റെ നിർമ്മാണം</u>

2096 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് 'സഹകരണഭവൻ' നിർമ്മിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ആയതിനായി എത്ര സെന്റ് സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്; എത്ര ചതുരശ്ര അടി വിസ്തീർണ്ണമുള്ള, എത്ര നില കെട്ടിടം നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) കെട്ടിട നിർമ്മാണത്തിനുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ഏതെല്ലാം സ്ഥാപനങ്ങൾക്ക് പ്രസ്തുത കെട്ടിടത്തിൽ സ്ഥലസൗകര്യം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) കെട്ടിട നിർമ്മാണത്തിന് ഏതെല്ലാം നിലയിൽ എന്ത് തുക സമാഹരിക്കാനുദ്ദേശിക്കുന്നു; സർക്കാർ നൽകുന്ന തുക എത്രയായിരിക്കും;

(എഫ്) കെട്ടിട നിർമ്മാണം എന്ന് പൂർത്തീകരിക്കുവാൻ സാധിക്കും എന്നറിയിക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ ഫയൽ ട്രാക്കിംഗ് സംവിധാനവും നിയമനങ്ങൾ പി. എസ്. സി. യ്ക്ക് വിടുന്നതിനുള്ള നടപടി</u>

2097

ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മലിനീകരണ നിന്ത്രണ ബോർഡിൽ ഫയൽ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുമോ;

(ബി) മലിനീകരണ നിയന്ത്രണ ബോർഡു നിയമനങ്ങൾ പി.എസ്. സി യ്ക്ക് വിടുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

തിരുവല്ല ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ജീവനക്കാർക്ക് പെൻഷൻ ലഭിക്കുന്നതിന് നടപടി

2098 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ (ക്ലിപ്തം 3260) ദീർഘകാലം സേവനം അനുഷ്ടിച്ച ശേഷം പിരിഞ്ഞ ജീവനക്കാർക്ക് പെൻഷൻ ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബാങ്കിലെ ജീവനക്കാർക്ക് പെൻഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ നിന്നും 2013 ഏപ്രിൽ 4-ാം തീയതി വിധിയുണ്ടായിട്ടും തുടർ നടപടികൾക്ക് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർവ്വീസിൽ നിന്നും പിരിഞ്ഞ ബാങ്ക് ജീവനക്കാർക്ക് എത്രയും വേഗത്തിൽ പെൻഷൻ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

മാവേലിക്കര നഗരത്തിൽ സഹകരണ ത്രിവേണി സ്ഥാപനങ്ങൾ

2099 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നഗരത്തിൽ സഹകരണ മേഖലയിൽ ത്രിവേണി ഹോട്ടൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) സഞ്ചരിക്കുന്ന ത്രിവേണി സ്കൂൾ മാർക്കറ്റ് മാവേലിക്കരയിൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മാവേലിക്കരയിൽ ആരംഭിക്കുവാനുള്ള നന്മ സ്റ്റോറുകളുടെ ഉത്ഘാടനം അടിയന്തിരമായി നടത്തുമോ?

**കേരള നിയമസഭ**
**18.06.2013-ലെ മറുപടിക്ക്**

<u>നദികളെ മാലിന്യമുക്തമാക്കുന്നതിന് നടപടി</u>

2100 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മിക്ക നദികളും മലിനമായത് മൂലം മത്സ്യങ്ങളും മറ്റും കൂട്ടത്തോടെ ചത്തൊടുങ്ങുന്നതും, പ്രസ്തുത നദികളിലെ ജലം ഉപയോഗിക്കുന്നവർക്ക് വിവിധ തരം രോഗങ്ങൾ ഉണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, സംസ്ഥാനത്തെ നദികളെ മാലിന്യമുക്തമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**18.06.2013-ലെ മറുപടിക്ക്**

<u>നഗരങ്ങളിലെ അന്തരീക്ഷ മലിനീകരണം</u>

2101 ശ്രീ. അൻവർ സാദത്ത്
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. അച്ചുതൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ അന്തരീക്ഷ മലിനീകരണ പരിശോധന നടത്തി ആയതിന്റെ വിവരങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിനുള്ള സംവിധാനം മലിനീകരണ നിയന്ത്രണ ബോർഡ് നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഈ സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

മാലിന്യ നിയന്ത്രണത്തിനുള്ള നടപടി

2102 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനങ്ങളുടെ ആരോഗ്യത്തെ മാരകമായി ബാധിച്ചുകൊണ്ടിരിക്കുന്ന കൊതുകുജന്യ രോഗങ്ങളുടെ വ്യാപനം മലിനീകരണ നിയന്ത്രണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് വൻകിട ഹോട്ടലുകളും ആശുപത്രികളും നഗരങ്ങളിലെ ഓടകളിലേക്ക് മലിനജലം ഒഴുക്കിവിടുന്നത് തടയുവാൻ തദ്ദേശഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിക്കാമോ;

(സി) പ്രസ്തുത നിയമം നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശഭരണ സ്ഥാപനത്തിലും ഒരു ഉദ്യോഗസ്ഥന് ആയതു സംബന്ധിച്ച സ്വതന്ത്ര ചുമതല നൽകാമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>മലിനീകരണ നിയന്ത്രണം ലക്ഷ്യമാക്കി നടപ്പിലാക്കിയ പദ്ധതികൾ</u>

2103 ശ്രീ.കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മലിനീകരണ നിയന്ത്രണം ലക്ഷ്യമാക്കി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെ; വിശദമാക്കുമോ;

(ബി) മലിനീകരണ നിയന്ത്രണം ലക്ഷ്യമാക്കി നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് മാലിന്യ പ്രശ്നങ്ങൾ വർദ്ധിച്ചു വരുന്നതും പകർച്ച വ്യാധികൾ പടർന്ന് പിടിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അവസ്ഥക്ക് പരിഹാരം കാണുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(ഡി) ഈ പ്രശ്നങ്ങൾ തരണം ചെയ്യുന്നതിനായി കൂടുതൽ ഇടപെടലുകൾ നടത്തുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് പ്രസന്നൻസ് ഇക്കോ ബയോ സിസ്റ്റം</u>

T2104 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രസന്നൻസ് ഇക്കോ ബയോ സിസ്റ്റം (പെബ്സ് കേരള) നടപ്പാക്കുന്നതിന് അനുമതി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത സിസ്റ്റത്തിന്റെ പ്രയോഗക്ഷമത സംബന്ധിച്ച് ഏതൊക്കെ സർക്കാർ ഏജൻസികൾ അനുകൂല റിപ്പോർട്ടുകൾ ലഭ്യമാക്കുകയുണ്ടായി; വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് എവിടെയെങ്കിലും ഈ സിസ്റ്റം പ്രവർത്തിക്കുന്നതായി അറിവുണ്ടോ; എങ്കിൽ, എവിടെയെല്ലാം എന്നുമുതൽക്കാണ് സജ്ജമാക്കിയത്; പ്രവർത്തന വൈകല്യം സംബന്ധിച്ച് ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത സിസ്റ്റം വ്യപകമായി നടപ്പാക്കി രൂക്ഷമായിക്കൊണ്ടിരിക്കുന്ന മാലിന്യപ്രശ്നത്തിന് പരിഹാരം കാണുന്നതിന് നിലവിലുള്ള തടസ്സമെന്താണ്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>ബയോ മെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റ്</u>

2105 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലിനീകരണ നിയന്ത്രണ വകുപ്പിന് കീഴിൽ ബയോമെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയാണ് സ്ഥാപിക്കുന്നത്; പദ്ധതിയുടെ അടങ്കൽതുക എത്രയെന്നും എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കും എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013–ലെ മറുപടിക്ക്

<u>കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റുകൾ</u>

2106 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കണമെന്ന ഹൈക്കോടി നിർദ്ദേശം നടപ്പിലാക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള പദ്ധതികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; പദ്ധതികൾക്ക് ചെലവഴിച്ച തുക എത്ര ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) മാലിന്യങ്ങൾ പുഴകളിലും റോഡുകളിലും നിക്ഷേപിക്കുന്നത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**18.06.2013-ലെ മറുപടിക്ക്**

<u>വാഹനങ്ങളിൽ നിന്നുള്ള പുക മലിനീകരണം</u>

2107 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിൽ നിന്നുള്ള പുക മലിനീകരണം തടയുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) ബോഡിന്റെ വ്യവസ്ഥകൾ പാലിക്കാത്ത വാഹനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര വാഹനങ്ങൾക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?